തിരുപിറവി

(ഒരു ക്രിസ്തുമസ്സ് ഗീതം)

രചന ഃസുധീർ പണിക്കവീട്ടിൽ

സ്നേഹത്തിൻ ദൂതുമായ് മണ്ണിലേക്കെത്തിയ
വിണ്ണിലെ രാജകുമാര...
മാനത്തെ മന്നന്റെ ഇംഗിതം പോലെ നീ
ഭൂമിയിൽ സ്വർഗ്ഗമൊരുക്കി.
ശാന്തിയും സൗഖ്യവും നേർന്നുകൊണ്ടെപ്പോഴും
ഞങ്ങൾക്കു കൂട്ടായിരുന്നു

പാവങ്ങൾക്കത്താണിയായി നീ അവരുടെ
പാപങ്ങൾക്കൊക്കെയും മാപ്പു നൽകി
പാരിതിൽ പറുദീസ പണിയുവാനെത്തിയ
പുണ്യാവതാരമെ, യേശുനാഥാ..
നീ തന്നെ സത്യവും മാർഗ്ഗവും ഞങ്ങൾക്കു
ആശയും, അഭയവും വേറെയില്ല

രാജകൊട്ടാരങ്ങൾ കാത്തു കിടന്നീട്ടും
പുൽകൂട്ടിൽ ജന്മമെടുത്ത ദേവാ..
നക്ഷത്ര ദീപം കൊളുത്തി മാലാഖമാർ
ആ രാത്രി പാടി തിമർത്ത ഗാനം
“അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം”
പാടുന്നു ദേവാ നിൻ ജന്മദിനത്തിലീ
ഭകതരും ഏകാഗ്ര ചിത്തരായി

മഞ്ഞലചാർത്തിൽ കുളിച്ചു പവിത്രയായ്
ഭൂമിയും വിശ്വാസ സ്നാനമേറ്റു
നിന്റെ ജന്മത്താൽ അനുഗ്രഹം നേടിയ
വർഷാന്ത്യ മാസവും കാത്തിരുന്നു
സ്നേഹം നിറഞ്ഞു കവിയും വിളക്കുകൾ
തെളിയിച്ചു ഞങ്ങളും കാത്തിരിപ്പൂ

ഞങ്ങൾ തൻ ജന്മങ്ങളുപഹാരമായി
ട്ടർപ്പിച്ചിടുന്നു നിൻ ജന്മ നാളിൽ

സ്വീകരിച്ചാശ്വാസമേകുക, ദൈവമെ
നിത്യ ജീവനേറയനുഗ്രഹം നൽകുക

ശുഭം